# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 108          03.12.2015 ൽ മറുപടിയ്ക്ക്

### സപ്ലൈകോയുടെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. സി.ദിവാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ.കെ.വിജയൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; ഇതുമൂലം സപ്ലൈകോയുടെ വിപണി ഇടപെടൽ പൂർണ്ണമായും സ്തംഭിച്ചിട്ടുണ്ടോ; ഈ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നില്ല. അവശ്യ വസ്തുക്കളുടെ പൊതു വിപണിവില പിടിച്ചു നിർത്തുവാൻ ഉദ്ദേശിച്ചുള്ള സപ്ലൈകോയുടെ വിപണി ഇടപെടൽ പദ്ധതി കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. |
| (ബി) സാമ്പത്തിക പ്രതിസന്ധി മൂലം സപ്ലൈകോയുടെ ഔട്ട്ലെറ്റുകൾ വഴിയുള്ള അവശ്യ സാധന വിതരണം സ്തംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിന് എന്തു നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) സപ്ലൈകോയുടെ ഔട്ട്ലെറ്റുകൾ വഴിയുള്ള അവശ്യ സാധന വിതരണം സ്തംഭിച്ചിട്ടില്ല. |
| (സി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സപ്ലൈകോ വഴി വിതരണം ചെയ്ത അവശ്യ സാധനങ്ങളുടെ വിലയും ഇപ്പോഴുള്ള വിലയും തമ്മിൽ താരതമ്യം ചെയ്യുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ള കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്നും ഒഴിവാക്കി, ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ള ചെറുപയർ, വൻകടല, ജയ അരി, കുറവ അരി,വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി 06.07.2012 ൽ സബ്സിഡി സാധനങ്ങൾ പുനർ നിർണ്ണയിച്ചിരുന്നു. ഇത് ഗുണകരമായ മാറ്റം പൊതു വിപണിയിൽ വരുത്തിയിട്ടുണ്ട്. വിലയുടെ വിശദാംശം അനുബന്ധം 1 & 2 ആയി ചേർക്കുന്നു. |

Beena

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

Difference between Subsidy Price and Open Market price as on May-2011

| ക്രമ നമ്പർ | ഇനം | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന സബ്സിഡി വില |
|---|---|---|
| 1 | ഉഴുന്ന് (ബോൾ) | 36.00 |
| 2 | ഉഴുന്ന് (പിളർന്നത്) | 31.00 |
| 3 | വൻപയർ | 26.50 |
| 4 | തുവരപരിപ്പ് | 34.00 |
| 5 | പീസ്പരിപ്പ് | 18.00 |
| 6 | മുളക് | 45.00 |
| 7 | മല്ലി | 66.00 |
| 8 | ജീരകം | 96.00 |
| 9 | കടുക് | 22.00 |
| 10 | ഉലുവ | 28.00 |
| 11 | പഞ്ചസാര | 25.00 |
| 12 | മട്ട അരി | 16.00 |
| 13 | പച്ചരി | 16.00 |
| 14 | ബോധന അരി | 16.00 |

Beena C.

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

| ക്രമ നമ്പർ | ഇനം | നിലവിലെ സബ്സിഡി വില<br>കി. ഗ്രാമിന് | നിലവിലെ പൊതുവിപണി വിലയുമായുള്ള വിലക്കുറവ് ശതമാനത്തിൽ |
|---|---|---|---|
| 1 | ചെറുപയർ | 74.00 | 35.45 |
| 2 | ഉഴുന്ന് ബോൾ | 66.00 | 61.88 |
| 3 | വൻകടല | 43.00 | 43.65 |
| 4 | വൻപയർ | 45.00 | 30.08 |
| 5 | തുവരപരിപ്പ് | 65.00 | 62.61 |
| 6 | മുളക് | 75.00 | 52.51 |
| 7 | മല്ലി | 100.00 | 32.69 |
| 8 | പഞ്ചസാര | 22.00 | 27.27 |
| 9 | ജയ അരി | 25.00 | 17.76 |
| 10 | കുറുവ അരി | 25.00 | 16.67 |
| 11 | മട്ട അരി | 24.00 | 28.66 |
| 12 | പച്ചരി | 23.00 | 14.81 |
| 13 | വെളിച്ചെണ്ണ (1 ലിറ്റർ) | 110.00 | 24.88 |

Beena

സെക്ഷൻ ഓഫീസർ